**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4284** **24.06.2019-ൽ മറുപടിക്ക്**

**വയനാട്ടിലെ ഇതരസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഒ. ആർ. കേളു : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) വയനാട്ടിൽ നിലവിലുള്ള ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ തൊഴിൽ വകുപ്പിൽ ലഭ്യമാണോ; എങ്കിൽ ആയത് ലഭ്യമാക്കുമോ ; | (എ) ആവാസ് പദ്ധതി പ്രകാരം 9550 ഇതര സംസ്ഥാന തൊഴിലാളികളും കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം 7181 ഇതര സംസ്ഥാന തൊഴിലാളികളും വയനാട് ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) വയനാട്ടിലെ തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; | (ബി) ആവാസ് പദ്ധതി പ്രകാരം വയനാട് ജില്ലയിലെ തോട്ടം മേഖലയിൽ നാളിതുവരെ 398 തോട്ടം തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) വയനാട്ടിലെ തോട്ടം മേഖലയിൽ കുടുംബമായി ജീവിച്ച് ജോലിചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണം വ്യക്തമാക്കാമോ? | (സി) എസ്റ്റേറ്റ് മാനേജ്മെന്റുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ 196 ഇതര സംസ്ഥാന തൊഴിലാളി കുടുംബങ്ങൾ വയനാട് തോട്ടം മേഖലയിൽ കുടുംബമായി ജീവിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.